പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 5701

05.07..2013 -ൽ
മറുപടിയ്ക്ക്

നഴ്സിംഗ് - പാരാമെഡിക്കൽ കോഴ്സുകൾക്കുള്ള അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | 2013 വർഷത്തെ നഴ്സിംഗ് - പാരാമെഡിക്കൽ കോഴ്സുകൾക്കുള്ള അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലെന്ന കാരണത്താൽ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ അപേക്ഷകൾ എൽ.ബി.എസ്, അധികൃതർ നിരസിച്ചതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) (ബി) | ഇതുമായി ബന്ധപ്പെട്ട് ചില പരാതികൾ ലഭിച്ചിട്ടുള്ളതായി എൽ.ബി.എസ്. ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2013 വർഷത്തെ നഴ്സിംഗ് - പാരാമെഡിക്കൽ കോഴ്സുകൾക്കുള്ള പ്രോസ്പെക്ടസിലെ വകുപ്പ് 5.4.3. (ബി) പ്രകാരം തഹസിൽദാർ നൽകുന്ന കമ്മ്യൂണിറ്റി സർട്ടിഫിക്കേറ്റ് ഇല്ലാത്ത അപേക്ഷകൾ യാതൊരു കാരണവശാലും എസ്.സി./എസ്.ടി. വിഭാഗങ്ങളിലെ സംവരണത്തിനായി പരിഗണിക്കുന്നതല്ല എന്ന് പ്രതിപാദിക്കുന്നു. ഇതിൻ പ്രകാരം അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കേറ്റ് ഇല്ലാത്ത അപേക്ഷകൾ എൽ.ബി.എസ്. സെന്റർ നിരസിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | | |
| (സി) | മുൻകാലങ്ങളിൽ ഇന്റർവ്യൂ സമയത്ത് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്ന പ്രസ്തുത സർട്ടിഫിക്കറ്റ് ഇപ്പോൾ അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്ന തീരുമാനമെടുക്കാൻ എന്താണ് കാരണം; അറിയിക്കുമോ ; | (സി) | നിർദ്ദേശാനുസൃത സംവരണതത്വം അലോട്ട്മെന്റിൽ പാലിക്കപ്പെടേണ്ടതിനാലാണ് അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കേറ്റ് ഹാജരാക്കുവാൻ മുൻകാലങ്ങളിൽ നിർദ്ദേശിച്ചിരുന്നത്. പ്രവേശനവുമായി ബന്ധപ്പെട്ട് ഇന്റർവ്യൂ നടത്താറില്ല. |

| | | | |
|---|---|---|---|
| (ഡി) | അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് ജാതി സർട്ടിഫിക്കറ്റുകൾ ലഭിക്കുവാനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | എങ്കിൽ ഈ വർഷം പ്രസ്തുത കോഴ്സുകളിലേക്കുള്ള ഇന്റർവ്യൂ സമയത്ത് ജാതിസർട്ടിഫിക്കറ്റിന്റെ അസൽ ഹാജരാക്കുന്നവർക്ക് പ്രവേശനം നൽകാവുന്നതാണെന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പ്രസ്തുത കോഴ്സുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് ഇന്റർവ്യൂ നടത്താറില്ല. മാർക്കിന്റേയും സംവരണത്തിന്റേയും അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ